26-04-2007
Vol-1,NO:5

Kerala Catholic Bishop's Council's

# Commission for Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

Commission Chairman
Archbishop Mar Joseph Powathil
Commission Secretary
Fr. Johny Kochuparambil mst

Vice-Chairmen
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# Pm{KX

## പ്രധാനവാർത്തകൾ

01. ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കരുത് : കെ. സി. ബി. സി.
02. സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ നിലപാടുകൾ ഉത്കണ്ഠാജനകം : സീറോ മലബാർ സഭ.
03. സ്നേഹത്തിന്റെ കുദാശപുസ്തക പ്രകാശനവും സെമിനാറും ഏപ്രിൽ 28-ന് പി. ഒ. സിയിൽ.
04. കോൺഗ്രസ്സും ക്രിസ്താനികളെ കബളിപ്പിക്കുന്നു.
05. ഇറക്കുമതി തീരുവ : കർഷകരുടെ ആശങ്ക പരിശോധിക്കാമെന്ന് പ്രധാനമന്ത്രി.
06. കൃതജ്ഞതാബലിയോടെ മാർപാപ്പയുടെ 80-ാം ജന്മദിനാഘോഷം.
07. സർക്കാർ ഉദ്യോഗസ്ഥരിൽ ജോലി ചെയ്യുന്നവർ 30 % മാത്രം : വി. എസ്.
08. ഗാർഹിക പീഡിതനിയമം: മജിസ്ട്രേറ്റിന് പൂർണ്ണ അധികാരമെന്ന് പ്രധാനമന്ത്രി.
09. വൈദികനെയും കപ്യാരെയും മുറിയിൽ പൂട്ടിയിട്ട് പള്ളി വാതിൽ കുത്തിപ്പൊളിച്ച് കവർച്ച.
10. രാജ്യത്തെ 9503 പ്രൈമറി സ്കൂളുകളിൽ അധ്യാപകരേ ഇല്ല.
11. കർഷക പ്രശ്നം : യുദ്ധകാലാടിസ്ഥാനത്തിൽ നടപടി വേണം : കെ. സി. ബി. സി.
12. ന്യൂനപക്ഷാവകാശം സർക്കാർ അപമാനിക്കുന്നു.

## 01. ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കരുത് : കെ. സി. ബി. സി.

ന്യൂപക്ഷങ്ങൾക്ക് ഭരണഘടന വഴി ലഭ്യമായിട്ടുള്ള അവകാശങ്ങൾ കൈയടക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമം അപലപനീയമാണെന്ന് കേരള കത്തോലിക്ക മെത്രാൻ സമിതി പ്രസിഡന്റ് ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിലും സെക്രട്ടറി ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കലും അഭിപ്രായപ്പെട്ടു.

തിരുവല്ല പുഷ്പഗിരി കോളേജ് മാനേജ്മെന്റ് ന്യൂനപക്ഷ പദവി നൽകിയ ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ നടപടി ഭരണഘടനാനുസൃതമാണ്. ന്യൂനപക്ഷ പദവിക്കായി കഴിഞ്ഞ ഒൻപത് വർഷമായി സംസ്ഥാന സർക്കാരിനെ സമീപിച്ചിട്ടും ഫലമില്ലാതിരുന്നതിനാലാണ് പുഷ്പഗിരി മാനേജ്മെന്റ് ദേശീയ ന്യൂനപക്ഷ കമ്മീഷനെ സമീപിച്ചത്. ന്യൂനപക്ഷ സമുദായങ്ങൾക്ക് ഭരണഘടന ഉറപ്പാക്കിയിരിക്കുന്ന പരിരക്ഷ ഭരണകൂടം അവരുടെ താത്പര്യത്തിനനുസരിച്ച് നിർവ്വചിക്കുന്നത് ആശ്വാസകരമല്ല. പശ്ചിമബംഗാളിൽ 153 സ്ഥാപനങ്ങൾക്ക് ന്യൂപക്ഷ പദവി നൽകിയിരിക്കുന്ന കാര്യം കേരളം ഭരിക്കുന്ന രാഷ്ട്രീയ കക്ഷി മറന്നുപോകരുത്. സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിലെ ഭരണഘടനാവിരുദ്ധമായ നിലപാടുകൾ പിൻവലിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം. സാമൂഹ്യനീതിക്കുവേണ്ടി വാദിക്കുന്നവർ ന്യൂപക്ഷാവകാശങ്ങൾ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നത് വിരോധഭാസമാണെന്നും കെ. സി. ബി. സി കുറ്റപ്പെടുത്തി.

## 02. സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ നിലപാടുകൾ ഉത്കണ്ഠാജനകം : സീറോ മലബാർ സഭ.

സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ നിലപാടുകൾ സഭാമക്കളിൽ ആകാംക്ഷയും ഉത്കണ്ഠയും ജനിപ്പിക്കുന്നുവെന്ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ ചേർന്ന സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിൽ നിന്നുള്ള വികാരി ജനറാൾമാർ, ചാൻസിലർമാർ, വൈദികസമിതി സെക്രട്ടറിമാർ എന്നിവരുടെ യോഗം വിലയിരുത്തി. ജനാധിപത്യ മര്യാദകളെ മറന്ന് ത്രിതല ഭരണം പിടിച്ചെടുക്കാൻ ശ്രമിക്കുക, നിയമവ്യവസ്ഥയെയും

കോടതിയെയും അനാദരിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുക, ജയിലിലുള്ളവർക്ക് ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കുക, പാവപ്പെട്ടവരുടെ രക്ഷകരെന്ന് അവകാശപ്പെടുകയും അതേസമയം അധാർമ്മിക ജീവിതശൈലിയിലേക്ക് പാവപ്പെട്ട കുടുംബങ്ങളെ നയിക്കുന്ന മദ്യനയത്തിലൂടെ മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുക, നാടിനെ സമഗ്ര വളർച്ചയിലേക്കെത്തിക്കേണ്ട വിദ്യാഭ്യാസ രംഗത്ത് അരക്ഷിതാവസ്ഥ സൃഷ്ടിക്കുക, ഈശ്വര നിഷേധത്തിലൂടെ നിരീശ്വര പ്രത്യയശാസ്ത്രങ്ങൾ അടിച്ചേൽപ്പിക്കുന്നതിന് പരിശ്രമിക്കുക തുടങ്ങിയ നടപടികൾ കേരളത്തെ പതിറ്റാണ്ടുകൾ പിറകോട്ടു നയിക്കുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളൂവെന്ന് യോഗം വിലയിരുത്തി.

## 03. സ്നേഹത്തിന്റെ കൂദാശപ്രകാശനവും സെമിനാറും ഏപ്രിൽ 28-ന് പി. ഒ. സിയിൽ.

ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ഏറ്റവും പുതിയ അപ്പസ്തോലികാഹ്വാനമായ സ്നേഹത്തിന്റെ കൂദാശയുടെ പ്രകാശനവും ഏകദിന സെമിനാറിന്റെ ഉദ്ഘാടനവും 2007 ഏപ്രിൽ 28-ന് ശനിയാഴ്ച പാലാരിവട്ടം പി. ഒ. സി. യിൽ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ നിർവ്വഹിക്കും. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായ കുർബാനയെക്കുറിച്ചുള്ള സവിസ്തരമായ പ്രതിപാദനവും നിർദ്ദേശങ്ങളുമാണ് കേരള സഭയുടെ ആസ്ഥാന കാര്യാലയമായ പി. ഒ. സി തന്നെ അന്നേ ദിവസം പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥത്തിലുളളത്.

## 04. കോൺഗ്രസ്സും ക്രിസ്താനികളെ കബളിപ്പിക്കുന്നു.

കോൺഗ്രസ്സ് ഭരിക്കുന്ന ഹിമാചൽ പ്രദേശ്, മതം മാറ്റ നിരോധന നിയമം പാസ്സാക്കിയതിനെ വിശകലനം ചെയ്ത് കൊണ്ട്, സോണിയാ ഗാന്ധിയുടെയും, കോൺഗ്രസ്സിന്റെയും മൃദുഹിന്ദുത്വസമീപനത്തിനെതിരെ കരണഥാപ്പൽ ആഞ്ഞടിച്ചു. ഇരട്ട വഞ്ചന നേരിടുന്നതായി ഇന്ത്യൻ ക്രൈസ്തവർക്ക് തോന്നുന്നതിൽ താൻ അത്ഭുതപ്പെടുന്നില്ലെന്ന് മുതിർന്ന പ്രവർത്തകനും പ്രശസ്ത ടീവി അവതാരകനുമായ ഥാപ്പർ, ഹിന്ദുസ്ഥാൻ ടൈംസിലെ തന്റെ പംക്തിയിൽ എഴുതി.

കഴിഞ്ഞ മാസമാണ് ഹിമാചൽ പ്രദേശിലെ നിയമസഭ സ്വാതന്ത്ര്യ നിയമമെന്ന പതിവു പേരിൽ മതം മാറ്റ നിരോധന നിയമം പാസ്സാക്കിയത്. മുമ്പ് ഗുജറാത്തിലെയും രാജസ്ഥാനിലേയും ബി. ജെ. പി ഗവൺമെന്റുകൾ നിയമം പാസ്സാക്കിയപ്പോൾ ഇതേക്കുറിച്ചു പരാതിപ്പെട്ടു തനിക്ക് കത്തയച്ച ക്രിസ്ത്യൻ സംഘടനാനേതാക്കൾക്ക് സോണിയാ ഗാന്ധി മറുപടി അയച്ചത്, ഇക്കാര്യത്തിൽ കോൺഗ്രസ്സിന്റെ നിലപാട് എല്ലാവർക്കും അറിയാവുന്നതാണെന്നും എന്നാൽ, പ്രസ്തുത സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് പ്രതിപക്ഷത്ത് ആയിരുന്നതിനാൽ തങ്ങൾക്ക് ഒന്നും ചെയ്യാനില്ലെന്നും പറഞ്ഞുകൊണ്ടാണ് ഹിമാചലിൽ നിയമ നിർമ്മാണ നീക്കം നടന്നപ്പോഴും നിയമം പാസ്സാക്കി, ഗവർണ്ണറുടെ ഒപ്പിനായി അയച്ചപ്പോഴും ഇതെമട്ടിൽ കത്തയച്ചപ്പോൾ സോണിയാ ഗാന്ധി മറുപടി അയയ്ക്കാതിരിക്കുകയാണ് ചെയ്തതെന്നും ഥാപ്പർ ചൂണ്ടിക്കാണിക്കുന്നു. താൻ മാതൃഭാഷ മറന്നുവെന്നും ലറിയസ്ലിക്ക എന്ന ഇറ്റാലിയൻ പത്രത്തിന് നൽകിയ അഭിമുഖത്തിൽ പറയാൻ പോലും തയ്യാറായ സോണിയാ ഗാന്ധി ഇറ്റലിയിൽ നിന്നും ക്രിസ്തുമതത്തിൽ നിന്നും സ്വയം അകറ്റിക്കൊണ്ട് ഹിന്ദുവായി അറിയപ്പെടാൻ ശ്രമിക്കുകയാണെന്നും ഥാപ്പർ തുറന്നടിക്കുന്നു.

ഹിമാചൽ പ്രദേശിലെ 64 ലക്ഷം ജനങ്ങളിൽ പതിനായിരത്തോളം പേർ മാത്രമാണ് ക്രൈസ്തവർ. അതായത് 0.001 ശതമാനം. ഇവർ നിയമ വിരുദ്ധമായ ഒരു മതമാറ്റപ്രവർത്തനങ്ങളും അവിടെ നടത്തുന്നില്ലെന്നും ഈ കൊച്ചു സമൂഹത്തെ മറ്റുള്ളവരുടെ നോട്ടപ്പുള്ളികളാക്കാനും ഭയചകിതരാക്കാനും മാത്രമേ വിവാദ നിയമം കൊണ്ട് കഴിയുകയുള്ളൂവെന്നും ഥാപ്പർ വിശദീകരിച്ചു.

## 05. ഇറക്കുമതി തീരുവ : കർഷകരുടെ ആശങ്ക പരിശോധിക്കാമെന്ന് പ്രധാനമന്ത്രി.

തായ്‌ലൻഡിൽ നിന്നു റബർ ഇറക്കുമതിക്ക് തീരുവ കുറയ്ക്കാനുള്ള നീക്കത്തിലുള്ള കർഷകരുടെ ആശങ്ക പരിശോധിക്കുമെന്ന് പ്രധാനമന്ത്രി മൻമോഹൻ സിംഗും യു. പി. എ അദ്ധ്യക്ഷ സോണിയാഗാന്ധിയും പറഞ്ഞതായി കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൾ. തീരുവ കുറച്ച് റബർ ഇറക്കുമതി നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിയും യു. ഡി. എഫ് കൺവീനർ പി. പി തങ്കച്ചനും കെ. പി. സി. സി പ്രസിഡന്റ് രമേശ് ചെന്നിത്തലയും സംയുക്തമായി ഇന്നലെ പ്രധാനമന്ത്രിക്കും സോണിയായ്ക്കും

നിവേദനം നൽകി. തായ്‌ലൻഡുമായും തെക്കനേഷ്യൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാർ ഒപ്പിടുമ്പോൾ കേരളത്തിലെ കർഷകരെ രക്ഷിക്കാൻ നടപടിയുണ്ടാകണമെന്ന് കോൺഗ്രസ്സ് നേതാക്കൾ നിവേദനത്തിൽ ആവശ്യപ്പെട്ടു. റബറിന്റെ ഇറക്കുമതി തീരുവ ഇരുപത് ശതമാനത്തിൽ നിന്ന് അഞ്ച് ആയി കുറയ്ക്കാനുള്ള നീക്കം കർഷകരെയാകെ പ്രതിസന്ധിയിലാക്കിയെന്ന് ഉമ്മൻചാണ്ടി പറഞ്ഞു. റബർ കയറ്റുമതി ഗണ്യമായി കുറഞ്ഞിട്ടുമുണ്ട്. ഉത്പാദനം കൂടുന്ന സീസനാണ് വരുന്നത്. തീരുവ കുറച്ചാൽ വില വീണ്ടും കുറയും. കരുതലോടെ മാത്രമേ തീരുമാനിക്കാവൂ.

ഇതുപോലെ തെക്കനേഷ്യൻ രാജ്യങ്ങളുമായി സ്വാതന്ത്ര വ്യാപാരത്തിന് സാഫ്റ്റകരാർ നിലവിൽ വന്നതിന്റെ ഭാഗമായി പല കാർഷികോൽപന്നങ്ങളും തന്ത്ര പ്രധാന ലിസ്റ്റിൽ നിന്ന് മാറ്റാനും തീരുവ കുറയ്ക്കാനുള്ള നീക്കവും കർഷകർക്ക് തിരിച്ചടിയാണ്. കുരുമുളകിന്റെ കയറ്റുമതി സബ്‌സിഡിയും നിർത്തലാക്കി. ശ്രീലങ്കയിലും വിയറ്റ്നാമിലും കുരുമുളക് ഉത്പാദനം കൂടിയിട്ടുമുണ്ട്. കുരുമുളക്, കാപ്പി, ഏലം, കർഷകരെയാകെ പ്രതിസന്ധിയിലാക്കുന്നതാണ് സാഫ്റ്റ. അതിനാൽ നിലവിലുള്ള അവസ്ഥ തുടരണമെന്ന് നിവേദനം ആവശ്യപ്പെട്ടു. വെളിച്ചണ്ണയുടെ തീരുവ 70-ൽ നിന്നും 50 ശതമാനമായി കുറച്ചതും പുനഃപരിശോധിക്കണം.

വാണിജ്യമന്ത്രി കമൽനാഥുമായി ആലോചിച്ച് എന്തുവേണമെന്ന് പരിശോധിക്കാമെന്ന് പ്രധാനമന്ത്രി പറഞ്ഞത്. ആഗോളതലത്തിലെ മാറ്റത്തിനനുസരിച്ച് ചില തീരുമാനങ്ങൾ എടുക്കാൻ നിർബന്ധിതമാണെന്ന് മൻമോഹൻ സിംഗ് സൂചിപ്പിച്ചതായും ഉമ്മൻ ചാണ്ടി കൂട്ടിചേർത്തു. കേരളത്തെയാകെ ആശങ്കയിലാഴ്ത്തിയ റബർ ഇറക്കുമതി വാർത്തയെ തുടർന്ന് വിപണിയിൽ വിലയിടിഞ്ഞിട്ടും സംസ്ഥാന സർക്കാർ തികഞ്ഞ അലംഭാവമാണ് കാട്ടുന്നത് തങ്കച്ചൻ കുറ്റപ്പെടുത്തി. കർഷകരെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നമായിട്ടും വെറുമൊരു പ്രസ്താവന ഇറക്കിയതല്ലാതെ മുഖ്യമന്ത്രി ഒന്നും ചെയ്തിട്ടില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## 06. കൃതജ്ഞതാബലിയോടെ മാർപാപ്പയുടെ 80-ാം ജന്മദിനാഘോഷം.

ലോകത്തിന്റെ നാനാഭാഗത്തു നിന്നെത്തിയ പതിനായിരക്കണക്കിന് വിശ്വാസികളോടൊപ്പം ദൈവത്തിന് കൃതജ്ഞത ബലിയർപ്പിച്ചു ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഞായാറാഴ്ച 80-ാം ജന്മദിനം ആഘോഷിച്ചു. മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ രണ്ടാം വാർഷികവും ഇതോടൊപ്പം കൊണ്ടാടി. മാർപാപ്പയുടെ മുഖ്യകാർമ്മികത്വത്തിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ദിവ്യബലിയിൽ 70 കർദ്ദിനാൾമാരും നിരവധി ബിഷപ്പുമാരും വൈദികരും സഹകാർമ്മികത്വം വഹിച്ചു. അമ്പതിനായിരത്തോളം വിശ്വാസികൾ ദിവ്യബലിയിൽ സംബന്ധിച്ചു. മാർപാപ്പയ്ക്ക് ജന്മദിനാശംസകൾ നേരാൻ കോൺസ്റ്റാന്റിനോപ്പിളിലെ ഓർത്തഡോക്സ് പാത്രിയർക്കീസ് ബർത്തലോമിയ ഒന്നാമൻ അയച്ച പ്രത്യേക പ്രതിനിധി സംഘത്തെ മാർപാപ്പ സ്വീകരിച്ചു. പൂർണ്ണമായും ക്രിസ്തുവിന് സമർപ്പിക്കപ്പെട്ട ജീവിതമാണ് ബനഡിക്ട് മാർപാപ്പയുടേതെന്ന് റഷ്യൻ ഓർത്തഡോക്സ് പാത്രിയർക്കീസ് അലോഷ്യാ രണ്ടാമൻ അയച്ച ജന്മദിനാശംസയിൽ പറഞ്ഞു. ലോകസമാധാനത്തിനും മനുഷ്യമാഹാത്മ്യത്തിനുമായി ഉഴിഞ്ഞു വച്ച ജീവിതമാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടേതെന്ന് ഇറ്റാലിയൻ പ്രസിഡന്റ് ജോർജിയോ നെപ്പോളിറ്റാനോ അഭിപ്രായപ്പെട്ടു.

ജന്മദിനാഘോഷത്തിനെത്തിയവരോട് ഹൃദയപൂർവ്വം നന്ദി പറഞ്ഞ മാർപാപ്പ, ഒരു കുടുംബത്തിന് സമാനമായ ആഗോള സഭ ഈ പ്രത്യേക അവസരത്തിൽ തനിക്കു ചുറ്റും വന്നു നിൽക്കുന്നതായി അനുഭവപ്പെടുന്നുവെന്ന് കൂട്ടിചേർത്തു. ദിവ്യബലിക്കു ശേഷം വിശ്വാസികളോട് സംസാരിക്കുകയായിരുന്നു മാർപാപ്പ. പോലീസ് ഉദ്യോഗസ്ഥനായിരുന്ന ജോസഫും മാതാവ് മരിയയുമായിരുന്നു ജീവിതത്തിന്റെ മാർഗദർശികളെന്നും മാർപാപ്പ അനുസ്മരിച്ചു. 2005 ഏപ്രിൽ രണ്ടിനു ദിവംഗതമായ മുൻഗാമി ജോൺ പോൾ രണ്ടാമൻ മാർപാപ്പയ്ക്ക് അദ്ദേഹം ആദരാജ്ഞലികൾ അർപ്പിക്കുകയും ചെയ്തു.

## 07. സർക്കാർ ഉദ്യോഗസ്ഥരിൽ ജോലി ചെയ്യുന്നവർ 30 % മാത്രം : വി. എസ്.

സർക്കാർ ഉദ്യോഗസ്ഥരിൽ 30 ശതമാനം പേർ മാത്രമേ ജോലി ചെയ്യുന്നുള്ളൂവെന്ന് മുഖ്യമന്ത്രി വി. എസ് അച്യുതാനന്ദൻ. കായംകുളം മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സർവ്വീസ് സംഘടനകൾ തന്നെ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ 10 മാസം കൊണ്ട് തനിക്കും അതു ബോധ്യപ്പെട്ടു. ഇക്കാര്യത്തിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി. ചർച്ച തുടരും. സർക്കാർ ഉദ്യോഗസ്ഥരിൽ പലരും അലസരാണ്. ശമ്പളമോ ആനുകൂല്യങ്ങളോ കുറച്ചിട്ടല്ല ഈ അവസ്ഥ. ഓഫീസുക

ളിൽ കസേരയിൽ ആൾക്ക് പകരം ടൗവലുണ്ടാകും. മുകളിൽ സർക്കാരും താഴെ ജനങ്ങളും ഉണ്ടെന്ന് ഉദ്യോഗസ്ഥർ മനസ്സിലാക്കണം. ഉദ്യോഗസ്ഥരെ ചിലർ വിമർശിക്കുന്നത് അവരുടെ നിരുത്തരവാദസമീപനം കൊണ്ടാണ്. ചില ഉദ്യോഗസ്ഥരെ വിമർശിക്കുന്ന മന്ത്രി ജി. സുധാകരന്റെ പ്രവണതയെ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി ന്യായീകരിച്ചു. മിനി സിവിൽ സ്റ്റേഷനുകൾ നിർമ്മിച്ച് സർക്കാർ ഓഫീസുകൾ ഒരു കെട്ടിടത്തിലാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. രാജവാഴ്ച്ച മുതലുള്ള കുതികാൽവെട്ടും അഴിമതിയുമാണ് ഇന്നുമുളളത്. നന്നായി ജോലി ചെയ്യുന്നവർ 12 ശതമാനമേയുള്ളൂ. ബാക്കിയുള്ളവർ തല ചെറിഞ്ഞിരിക്കും. ജനങ്ങളാണ് ഇവർക്ക് ശമ്പളം നൽകുന്നതെന്ന് മനസ്സിലാക്കി സർക്കാർ ഉദ്യോഗസ്ഥർ ഉത്തരവാദിത്വത്തോടെ ജോലി ചെയ്യണം മന്ത്രി പറഞ്ഞു. സി. കെ സദാശിവൻ, എം. എം ഹസ്സൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ. നാസർ, ജില്ലാ കലക്ടർ വി. കെ ബാലകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വിജയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

08. ഗാർഹിക പീഡിതനിയമം: മജിസ്ട്രേറ്റിന് പൂർണ്ണ അധികാരമെന്ന് പ്രധാനമന്ത്രി.

ഗാർഹിക പീഡിതവനിതാസംരക്ഷണ നിയമപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മജിസ്ട്രേറ്റുമാർക്ക് പൂർണ്ണ അധികാരമുണ്ടെന്ന് ഹൈക്കോടതി വ്യക്തമാക്കുന്നു. ഇത്തരം കേസുകൾ മറ്റു കോടതികളിലേക്ക് മാറ്റാവുന്നതല്ല. സിവിൽ, കുടുംബ കേസുകളോടൊപ്പം ഈ നിയമ പ്രകാരം ഉത്തരവ് സമ്പാദിക്കാമെങ്കിലും ഗാർഹിക പീഡന നിരോധന നിയമത്തിന്റെ 12-ാം വകുപ്പ് പ്രകാരം മജിസ്ട്രേറ്റിന്റെ പരിഗണനയിലുള്ള കേസ് മറ്റു കോടതികളിലേക്ക് മാറ്റുന്നത് അനുവദനീയമല്ല. കോട്ടയം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ അയ്മനം സ്വദേശിനി ലീലാമ്മ കൊടുത്ത ഹർജിക്കെതിരേ ഭർത്താവ് ഹൈക്കോടതിയിൽ നൽകിയ റിവിഷൻ ഹർജിയിലാണ് ജസ്റ്റിസ് ബസന്തിന്റെ ഉത്തരവ്. കോടതിയിൽ മറ്റു കേസുകൾ നിലവിലുണ്ടെങ്കിലും ഗാർഹിക പീഡിത നിയമ പ്രകാരം മജിസ്ട്രേറ്റിന് ഹർജി പരിഗണിക്കാവുന്നതാണെന്ന് ഹൈക്കോടതി പറഞ്ഞു. കോട്ടയം ഗവ. എംപ്ലോയീസ് സഹകരണ ബാങ്ക് മാനേജർ കൂടിയായ ലീലാമ്മയ്ക്ക് വേണ്ടി അഡ്വ. അനിൽ ഐക്കര, അഡ്വ. എസ്. മനു, അഡ്വ. രാമചന്ദ്രൻ കുന്നപ്പള്ളി എന്നിവരാണ് കോടതിയിൽ ഹാജരായത്. സിവിൽ രീതിയിലാണെങ്കിൽ പോലും മജിസ്ട്രേറ്റിന് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുമ്പുണ്ടായിരുന്ന എല്ലാ സംശയങ്ങളും ദുരീകരിക്കുന്നതാണ് പുതിയ വിധിയെന്ന് അഡ്വ. രാമചന്ദ്രൻ കുന്നപ്പിള്ളി അഭിപ്രായപ്പെട്ടു.

09. വൈദികനെയും കപ്യാരെയും മുറിയിൽ പൂട്ടിയിട്ട് പളളി വാതിൽ കുത്തിപ്പൊളിച്ച് കവർച്ച.

ചാലിശേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് യക്കോബായ സുറിയാനി പള്ളിയിൽ വൈദികനെയും കപ്യാരെയും പൂട്ടിയിട്ട് കവർച്ച നടത്തി. ഞായാറാഴ്ച പുലർച്ചെ 12-നും 5-നും ഇടയിലാണ് മോഷണം നടന്നിട്ടുള്ളത്. പള്ളിയുടെ പ്രധാന വാതിൽ പൊളിച്ച് അകത്തു കടന്ന മോഷ്ടാക്കൾ മൂന്നു ഭണ്ഡാരങ്ങളും ആംപ്ലിഫയറും മോഷ്ടിച്ചു. 23,100 രൂപയുടെ നഷ്ടം ഉണ്ടായതായി ഇടവക വികാരി ഫാ. ഏലിയാസ് അരീക്കലിനെയും കപ്യാർ ബിജോ ഐസക്കിനെയും അവർ കിടക്കുന്ന മുറി പൂട്ടിയിട്ടാണ് കവർച്ച നടത്തിയത്. പള്ളിയോട് ചേർന്നുള്ള മുറിയിലാണ് അവർ കിടന്നിരുന്നത്. ശനിയാഴ്ച താത്രി പ്രാർത്ഥന കഴിഞ്ഞ് 12 മണിക്കു ശേഷമാണ് പള്ളി അടച്ച് ഇരുവരും മുറിയിൽ എത്തിയത്.

പള്ളിയുടെ വടക്കുവശത്തെ വാതിലുകൾ തുറക്കുവാനുള്ള ശ്രമം പാഴായതിനെ തുടർന്നാണ് പ്രധാന വാതിലിന്റെ പൂട്ട് പൊളിച്ചത്. വൈദികരും കപ്യാരും ഞായാറാഴ്ച വെളുപ്പിന് അഞ്ചിന് എഴുന്നേറ്റപ്പോഴാണ് മുറി പുറത്ത് നിന്ന് പൂട്ടിയ വിവരം അറിഞ്ഞത്. തുടർന്ന് ട്രസ്റ്റിയേയും ഇടവകാംഗങ്ങളേയും ഫോൺ ചെയ്ത് വിവരം അറിയിച്ചു. വിവരം അറിഞ്ഞ് ധാരാളം വിശ്വാസികളും പള്ളിയിൽ എത്തിച്ചേർന്നു. ചാലിശേരി എസ്. ഐ സുലൈമാനും സംഘവും പള്ളിയിലെത്തി പ്രാഥമികാന്വേഷണം നടത്തി. നാല് വർഷത്തിനിടയിൽ അഞ്ചാം തവണയാണ് പള്ളിയിൽ മോഷണം നടക്കുന്നത്. 2005 ഡിസംബർ 12-ന് കപ്യാരെ മുറിയിൽ പൂട്ടിയിട്ട് ഇതേ രീതിയിൽ കവർച്ച നടന്നിരുന്നു. പ്രതികളെ പിടികൂടുന്നതിനും അന്വേഷണം ഊർജ്ജിതമാക്കുവാൻ ഞായറാഴ്ച പള്ളിയിൽ എത്തിചേർന്ന വിശ്വാസികളുടെ അടിയന്തിര യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.ഇതു സംബന്ധിച്ച് മുഖ്യമന്ത്രി, ആഭ്യന്തരമന്ത്രി, പൊതു മരാമത്ത് വകുപ്പ് മന്ത്രി എന്നിവർക്ക് നിവേദനം നൽകി.

10. രാജ്യത്തെ 9503 പ്രൈമറി സ്കൂളുകളിൽ അധ്യാപകരേ ഇല്ല.

രാജ്യത്തെ 9,503 പ്രൈമറി സ്കൂളുകളിൽ ഒരധ്യാപകൻ മാത്രം. തിങ്കളാഴ്ച പുറത്തിറക്കിയ ഓരോ അധ്യാപകൻ മാത്രം. തിങ്കളാഴ്ച പുറത്തിറക്കിയ രാജ്യത്തെ ഓരോ സ്കൂളിനെയും സംബന്ധിച്ച അടിസ്ഥാന വിവരം റിപ്പോർട്ട് കാർഡിലാണ് പ്രൈമറി സ്കൂളുകളുടെ ശോച്യാവസ്ഥ വിവരിക്കുന്നത്. ദേശീയ ശരാശരിയെടുത്താൽ ഇന്ത്യയിലെ പ്രൈമറി സ്കൂളുകളിലെ അധ്യാപകശതമാനം 4:19 ആണ്. എന്നാൽ, അധ്യാപകരില്ലാതെ ഈ സ്കൂളുകൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നത് റിപ്പോർട്ടിൽ വിശദമാക്കിയിട്ടില്ല. രാജ്യത്തെ എൽ. പി-യു. പി വിഭാഗങ്ങൾ സംയുക്തമായെടുത്താൽ മൊത്തം നിലവാരത്തിൽ കേരളമാണ് ഒന്നാമത്. എന്നാൽ ലോവർ പ്രൈമറി വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്തായി. ഡൽഹിയും തമിഴ്നാടുമാണ് ഒന്നും രണ്ടും സ്ഥാനത്ത്.

പ്രൈമറി മേഖലയിൽ 2002-03-ൽ രാജ്യത്ത് 8,53,601 സ്കൂളുകളാണുണ്ടായിരുന്നത് 2005-06-ൽ 11,24,033 സ്കൂളായെന്നും റിപ്പോർട്ടിൽ പറയുന്നു. ഇതിൽ 87.23 ശതമാനവും ഗ്രാമീണമേഖലയിലാണ്. ഉത്തർപ്രദേശിലെ 70 ജില്ലകളിൽ മാത്രം 1,61,869 സ്കൂളുകളുണ്ട്. ബംഗാളിൽ ഓരോ അഞ്ച് ലോവർ പ്രൈമറി സ്കൂളിനും ഒരു അപ്പർ പ്രൈമറി സ്കൂൾ വീതം പ്രവർത്തിക്കുന്നു.

11. കർഷക പ്രശ്നം : യുദ്ധകാലാടിസ്ഥാനത്തിൽ നടപടി വേണം : കെ. സി. ബി. സി.

കുട്ടനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തണമെന്നും സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്നും കേരള കത്തോലിക്ക മെത്രാൻ സമിതി പ്രസിഡന്റ് ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിലും സെക്രട്ടറി ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കലും സർക്കാരിനോട് അഭ്യർത്ഥിച്ചു. വിളവെടുപ്പിന് സമയമാകുമ്പോൾ മാത്രം നെല്ല് സംഭരണത്തെക്കുറിച്ച് ചിന്തിക്കുന്ന സർക്കാർ നടപടി ആത്മാർത്ഥയില്ലാത്തതാണെന്ന് കർഷകർ ധരിക്കുന്നതിൽ അവരെ പഴി പറയുവാനാവില്ല. അതല്ലെങ്കിൽ കർഷകരെ രക്ഷിക്കണമെന്ന് എപ്പോഴും ഉറക്കെ പ്രഖ്യാപിക്കാറുള്ള സർക്കാർ, സ്വാതന്ത്ര്യം നേടി ഇത്രയേറെ വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു സംഭരണ ശാല കുട്ടനാട്ടിൽ നിർമ്മിച്ചിട്ടില്ല.

സർക്കാരിന്റെ അലംഭാവം മൂലം കൊയ്തെടുത്ത നെല്ലിന്റെ 25 ശതമാനവും നശിക്കാൻ ഇടയായതു തന്നെ ഉദ്യോഗസ്ഥ തലത്തിൽ വന്ന വീഴ്ചയാണ്. ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കാനായി വൻ പദ്ധതികൾ പ്രഖ്യാപിക്കുന്നതിൽ മാത്രം സർക്കാർ നടപടികൾ ഒതുക്കരുത്. ഇപ്പോൾ നഷ്ടം വന്നിട്ടും കൃഷി ചെയ്ത് കൊണ്ടിരിക്കുന്ന കർഷകരെ ഈ രംഗത്ത് പിടിച്ചു നിർത്താനും പ്രോത്സാഹിപ്പിക്കാനും സർക്കാർ സന്നദ്ധത കാണിക്കണം. വിളഞ്ഞ നെല്ല് നഷ്ടപ്പെടാതെ കൊയ്ത്ത് യന്ത്രം ഉപയോഗിച്ച് കൊയ്തെടുക്കാനും അവ യഥാവിധി സംഭരിക്കാൻ വേണ്ട നടപടികൾ സർക്കാർ ഭാഗത്ത് നിന്ന് ഉണ്ടാകണം. നെല്ല് സംഭരിക്കാൻ സർക്കാരോ, സ്വാകാര്യ വ്യക്തികളോ തയ്യാറാകാതെ നെല്ല് കെട്ടിക്കിടന്ന് നശിക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് ഉത്തരവാദികളായവരെ ശിക്ഷിക്കുകയും മേലിൽ ഇതാവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുകയും വേണം.

12. ന്യൂനപക്ഷാവകാശം സർക്കാർ അപമാനിക്കുന്നു.

ന്യൂനപക്ഷങ്ങളുടെ ഭരണാധിഷ്ഠിതമായ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള കോടതിയുടെ വിധി തീർപ്പിന്റെ വെളിച്ചത്തിൽ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ പരിഹരിക്കാൻ കേരള സർക്കാർ തയ്യാറാകാത്തത് ഖേദകരമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം വിലയിരുത്തി. ചങ്ങനാശ്ശേരിയിൽ ആർച്ച് ബിഷപ്പ് ഹൗസിൽ കൂടിയ സമ്മേളനത്തിൽ കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ എല്ലാ ക്രൈസ്തവ സഭകളുടെയും ഔദ്യോഗിക പ്രതിനിധികൾ പങ്കെടുത്തു. മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിലെ ഭരണഘടനാവിരുദ്ധവും ന്യൂനപക്ഷവിരുദ്ധവുമായ ഘടകങ്ങൾ വ്യക്തമാക്കിക്കൊണ്ട് കത്തു നൽകിയിരുന്നു. ഇതു സംബന്ധിച്ച് സർക്കാർ നിലപാടുകൾ വ്യക്തമാക്കിയിട്ടില്ല. എന്നും ചർച്ചകൾക്ക് തയ്യാറാക്കിയിട്ടുള്ള ഇന്റർ ചർച്ച് കൗൺസിൽ ഭരണഘടനയെയും ജനാധിപത്യ മൂല്യങ്ങളേയും ഉയർത്തിപ്പിടിച്ചുക്കൊണ്ട് വിദ്യാഭ്യാസ രംഗത്ത് സർക്കാരുമായി സഹകരിക്കാൻ എപ്പോഴും ഒരുക്കമാണ്. എന്നാൽ ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ ന്യൂനപക്ഷ

സ്ഥാപനമാണെന്ന കാര്യം അംഗീകരിക്കാതെയുള്ള ചർച്ചയ്ക്ക് അർത്ഥമില്ല. ഒരു വശത്ത് കൂടെ കേസ്സുമായി പോകുന്ന സർക്കാർ നിലപാട് സർക്കാരിന്റെ ഈ രംഗത്തെ ആത്മാർത്ഥതയില്ലാത്ത നിലപാടാണ് വെളിപ്പെടുത്തുന്നത്. കോടതി നിലപാട് വ്യക്തമാക്കിയ നിലയ്ക്ക് അതിന്റെ അടിസ്ഥാനത്തിലാവണം ചർച്ച. കേരളത്തിൽ സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുകയും ചെയ്തിട്ടുള്ള ക്രൈസ്തവർ ഇനിയും ദൗത്യം തുടരുക തന്നെ ചെയ്യും. നൂറു ശതമാനം സീറ്റും തങ്ങൾക്കും നിയമപരമായി അവകാശപ്പെട്ടതാണെങ്കിലും സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി ഒരു നിശ്ചിത ശതമാനം സീറ്റുകൾ ക്രൈസ്തവസ്ഥാപനങ്ങൾ നീക്കിവയ്ക്കും. കൂടാതെ യോഗ്യരായ വികലാംഗർക്കും പ്രത്യേകം പരിഗണന നൽകും. എല്ലാ സമുദായങ്ങളോടും തുറന്ന മനോഭാവമുള്ള ക്രൈസ്തവർ തങ്ങളുടെ സ്ഥാപനങ്ങളിൽ എല്ലാ സമുദായങ്ങളിൽപ്പെട്ടവർക്കും സാധ്യമാവും വിധം പ്രവേശനം നൽകും.

ന്യൂനപക്ഷങ്ങളുടെ ഭരണഘടനാധിഷ്ഠിതമായ വിദ്യഭ്യാസ മന്ത്രിയുടെ പ്രസ്താവന ഖേദകരമാണെന്നും ഇന്ത്യൻ ഭരണഘടനയേയും ഭരണഘടന വ്യാഖ്യാനിച്ചുകൊണ്ടുള്ള കോടതിവിധികളെയും അവഗണിക്കുന്ന നിലപാട് ആരുടെ ഭാഗത്തു നിന്നായാലും അംഗീകരിക്കാനാവില്ലയെന്നും അദ്ദേഹം പറഞ്ഞു. തങ്ങളുടെ അവകാശങ്ങളിലും സാമൂഹ്യ പ്രതിബദ്ധതയിലും ഉറച്ച് നിന്ന് പ്രവർത്തിക്കാനുള്ള ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ക്രൈസ്തവ സഭകൾക്ക് ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.